# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.663 | 29/10/2019-ൽ മറുപടിക്ക്

## ട്രാൻസ് ഗ്രിഡ് ടെൻഡർ പ്രീ ക്വാളിഫിക്കേഷൻ നിബന്ധനകൾ

| | ചോദ്യം<br>**ശ്രീ.വി.ഡി.സതീശൻ**<br>**,, തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**,, ഷാഫി പറമ്പിൽ** | | മറുപടി<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കിഫ്ബി വഴി നടപ്പിലാക്കുന്ന ട്രാൻസ് ഗ്രിഡ് പദ്ധതികളുടെ ടെൻഡർ നടപടികളിൽ പങ്കെടുക്കുന്ന കമ്പനികൾക്കായി പുറത്തിറക്കിയ പ്രീ ക്വാളിഫിക്കേഷൻ നിബന്ധനകളിൽ കെ.എസ്.ഇ.ബി. മാറ്റം വരുത്തിയിരുന്നോ; വിശദാംശങ്ങൾ നൽകാമോ; | (എ) | 20.01.2018 –ൽ നടന്ന ഡയറക്ടർ ബോർഡ് തീരുമാനപ്രകാരം കേന്ദ്ര ഏജൻസികളായ REC, PFC എന്നീ സ്ഥാപനങ്ങളെ ബിഡ് പ്രോസസിംഗ് കോർഡിനേറ്ററായി (ട്രാൻസ്ഗ്രിഡ് പ്രോജക്ടുകൾ ടെണ്ടർ ചെയ്യുന്നതിന്) ചുമതലയേൽപ്പിച്ചു. ട്രാൻസ്ഗ്രിഡ് ലൈൻ ടെണ്ടറുകളിൽ കൂടുതൽ കരാറുകാരെ പങ്കെടുപ്പിച്ച് Competitive Offers ലഭിക്കുന്നതിനായി ഓപ്പൺ ടെണ്ടർ അടിസ്ഥാനത്തിൽ കരാർ വിളിക്കുവാനും പ്രീ ക്വാളിഫിക്കേഷനിൽ ചെറിയമാറ്റങ്ങൾ വരുത്തുവാനും ഡയറക്ടർ ബോർഡുതലത്തിൽ തീരുമാനിക്കുകയുണ്ടായി. അതിൻപ്രകാരം MAAT (Minimum Average Annual Turnover) 500 കോടിയിൽ നിന്നും 300 കോടിയായും Network and Solvency 250 കോടിയിൽ നിന്നും 150 കോടി ആക്കുകയും ചെയ്തു. Payment Milestone – ലും ചെറിയ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. സാങ്കേതിക നിബന്ധനകളിൽ ഒരു മാറ്റവും വരുത്തിയിട്ടില്ല. |
| (ബി) | ട്രാൻസ് ഗ്രിഡ് പദ്ധതികളുടെ ടെൻഡർ നടപടികളിൽ പങ്കെടുക്കുന്ന കമ്പനികൾക്കായി പുറത്തിറക്കിയ പ്രീ ക്വാളിഫിക്കേഷൻ നിബന്ധനകളിൽ മാറ്റം വരുത്താനുള്ള സാഹചര്യം വിശദമാക്കാമോ; | (ബി) | കൂടുതൽ Competitive Offers ലഭിക്കുന്നതിനും അതുവഴി കുറഞ്ഞ തുക കണ്ടെത്തുന്നതിനുമായി കൂടുതൽ കരാറുകാരെ പങ്കെടുപ്പിക്കുന്നതിനാണ് ഡയറക്ടർ ബോർഡ് പ്രസ്തുത മാറ്റങ്ങൾ പ്രീ-ക്വാളിഫിക്കേഷനിൽ വരുത്തിയത്. |
| (സി) | കെ.എസ്.ഇ.ബി. ക്ക താല്പര്യമുള്ള കമ്പനികളെ മാത്രം ഉൾപ്പെടുത്തി രണ്ടു മൂന്ന് കമ്പനികളെ മാത്രം പങ്കെടുപ്പിച്ചുകൊണ്ട് കാർട്ടൽ രൂപപ്പെടുത്തി, അവർ പരസ്പരധാരണ | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രസ്തുത ആക്ഷേപം വസ്തുതാപരമല്ല. ടെണ്ടറുകളിൽ 500 കോടി രൂപയുടെ ടേൺ ഓവർ ഉള്ള കമ്പനികൾക്ക് പങ്കെടുക്കാം എന്നതായിരുന്നു ആദ്യ സാമ്പത്തിക നിബന്ധന. മത്സരം |

| | | |
|---|---|---|
| | യോടെ ഉയർന്ന നിരക്കിൽ പദ്ധതികൾ വീതിച്ചെടുക്കുന്നതിനാണ് പ്രീ ക്വാളിഫിക്കേഷൻ നിബന്ധനകൾ വഴിയൊരുക്കിയത് എന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | വർദ്ധിക്കുന്നതിന് 300 കോടി രൂപയായി ഇത് കുറയ്ക്കുന്നത് ഗുണകരമാവുമെന്ന് കണ്ടെത്തി. എന്നാൽ ടെണ്ടർ ലഭിച്ചിട്ടുള്ള എല്ലാ കമ്പനികളുടേയും ടേൺ ഓവർ 500 കോടിയിൽ മേലെ തന്നെയാണ് എന്നതിനാൽ പ്രീ-ക്വാളിഫിക്കേഷനിൽ വരുത്തിയ മാറ്റങ്ങൾ അവർക്ക് അനുകൂലമായി മാറ്റിയതല്ല എന്ന് മനസ്സിലാക്കാവുന്നതാണ്. കൂടുതൽ കമ്പനികളെ പങ്കെടുപ്പിക്കുന്നതിനാണ് ഓപ്പൺ ടെണ്ടർ അടിസ്ഥാനത്തിൽ കരാർ വിളിക്കുവാൻ തീരുമാനിച്ചതും ടേൺ ഓവർ കുറയ്ക്കുന്നതടക്കമുള്ള നടപടികൾ സ്വീകരിച്ചതും. പക്ഷെ, പദ്ധതിയുടെ വലിപ്പവും കൂടുതൽ ഗുണമേന്മയും സമയ പരിമിതികളും നിഷ്കർഷിച്ചിരിക്കുന്നതിനാൽ മറ്റു ചെറിയ കമ്പനികൾ ക്വാട്ട് ചെയ്യുന്നതിൽ നിന്നും വിമുഖത കാണിച്ചു എന്നുള്ളതാണ് രണ്ടു മൂന്നു കമ്പനികളിൽ മാത്രം ടെണ്ടർ നടപടികൾ ഒതുങ്ങുന്നതിന് കാരണമായത്. |

(signature)

സെക്ഷൻ ഓഫീസർ